തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**FLS PCW 2403**

## ചലച്ചിത്രപഠനം

## മലയാളിയുടെ ദൃശ്യവായനയും കാഴ്ചാശീലങ്ങളും

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. 'കേരളീയത'യെന്നു വിളിക്കാവുന്ന ‘ഉപദേശീയത’ സങ്കല്പത്തിന്റെ ഘടകങ്ങൾ മലയാള സിനിമകളിൽ എങ്ങനെ ദർശിക്കാം?

2. കേരള സാംസ്കാരികരംഗത്തിന്റെ ചെറുനാഗരിക സ്വഭാവം ദൃശ്യവായനയെ എതെങ്കിലും രീതിയിൽ സ്വാധീനിച്ചിട്ടുണ്ടോ?പരിശോധിക്കുക.

3. നവോത്ഥനകാലത്തെ പരിഷ്കരണ പ്രവർത്തനങ്ങൾ കേരളത്തിലെ കൂട്ടായ കലാവിഷ്കാരങ്ങളെ ഏതൊക്കെ തരത്തിലാണ് സ്വാധീനിച്ചത്?

4. ആഴത്തിലുള്ള ദൃശ്യവായനയുടെ അഭാവം മലയാളികളുടെ ദൃശ്യസംസ്കാര നിർമ്മിതിയിൽ വലിയ വിടവ് സൃഷ്ടിച്ചെന്ന അഭിപ്രായത്തെ വിമർശനാത്മകമായി നിങ്ങൾ എങ്ങനെ വിലയിരുത്തും?

5. ദൃശ്യവായനയെ കൂടുതൽ ശാസ്ത്രീയമായും വിപുലമായും പഠിക്കുന്നതിനുള്ള നൂതന മാർഗങ്ങൾ എന്തെല്ലാമാണ്?

6. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കേരള ചിത്രശിൽപ്പകലാ രംഗം വികസിക്കാനിടയായ സാമൂഹിക-സാംസ്കാരിക-പാരിസ്ഥിതിക ഘടകങ്ങൾ എന്തൊക്കെ?

7. മലയാളികളുടെ ദൃശ്യവായനയിൽ ആഗോളവത്കരണത്തിന്റെ സ്വാധീനം എത്രത്തോളം കണ്ടെത്താനാവും?

8. കേരളത്തിന്റെ ദൃശ്യസംസ്കാരത്തിൽ അടിയന്തരാവസ്ഥയുടെ സ്വാധീനം ഏതുതരത്തിലാണ് അടയാളപ്പെടുത്തിയത്?

9. സംഘബോധത്തിന്റെ പശ്ചാത്തലത്തിൽ പ്രാദേശിക ദൃശ്യബോധം രൂപപ്പെടുന്നതിന്റെ സാംസ്കാരിക പ്രസക്തി എന്താണ്?

10. ഒരു സമൂഹത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ സ്ഥിതിവിശേഷങ്ങളെ ദൃശ്യാവിഷ്കാരങ്ങൾ എങ്ങനെ പ്രതിനിധാനം ചെയ്യുന്നു?

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60)**

11. ഉദാരവത്കരണത്തെ തുടർന്നുവന്ന രാഷ്ട്രീയസാഹചര്യങ്ങളിലെയും സാമൂഹിക-സാമ്പത്തിക മാതൃകകളിലെയും മാറ്റങ്ങൾ കേരളത്തിന്റെ ദൃശ്യസംസ്കാരത്തിൽ എങ്ങനെയാണ് പ്രതിഫലിച്ചത്?

12. 1980 വരെയുള്ള മലയാളസിനിമയിലെ ആവിഷ്കാര പ്രവണതകളെ വിമർശനാത്മകമായി അപഗ്രഥിക്കുക.

13. രവി വർമ്മയിലൂടെ തുടക്കം കുറിച്ച വ്യക്തിനിഷ്ഠമായ 'ആധുനിക കാഴ്ച' ഉദാരവൽക്കരണ കാലത്ത് കൂടുതൽ വ്യക്തികേന്ദ്രീകൃതമായി. ഈ ആശയത്തെ വിപുലീകരിക്കുക.

14. ദേശകാലങ്ങൾ എങ്ങനെയാണ് കലാവിഷ്കാരങ്ങളിൽ പ്രകടമാകുന്നത്? ആധുനിക കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ മുൻനിർത്തി അപഗ്രഥിക്കുക.

******